ക്ഷേത്രങ്ങളിൽ നടന്ന അക്രമസംഭവങ്ങൾ

52 (708) ശ്രീ. കെ.പി. വിശ്വനാഥൻ :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീ. എ.കെ. മണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ക്ഷേത്രങ്ങളിലും കാവുകളിലും സി.പി.ഐ. (എം) കാരോ അവരുടെ അനുഭാവികളോ അക്രമം നടത്തിയ സംഭവമുണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാം എന്ന് അറിയിക്കുമോ;

(സി) ഇപ്രകാരം അക്രമം നടത്തിയവരുടെമേൽ കേസ്സ് എടുത്തിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അവയുടെ ഇപ്പോഴത്തെ നിലയെന്ത് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി) കുന്നംകുളം പോലീസ് സ്റ്റേഷൻ അതിർത്തിയിൽ പീടികേശ്വരം ക്ഷേത്ര ഉത്സവത്തോടനുബന്ധിച്ച് സി.പി.ഐ. (എം) പ്രവർത്തകനും ബി.ജെ.പി. പ്രവർത്തകരും തമ്മിൽ വാക്ക് തർക്കവും അടിപിടിയും കത്തികുത്തും ഉണ്ടായ ഒരു സംഭവം ഉണ്ട്.

(സി) ഉണ്ട്.

(ഡി) കുന്നംകുളം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ക്രൈം നമ്പർ 76/2000 ക്രൈം നമ്പർ 77/2000 എന്നീ കേസ്സുകളിലെ മുഴുവൻ പ്രതികളേയും അറസ്റ്റു ചെയ്തിട്ടുണ്ട്. കേസ്സന്വേഷണം തുടർന്നുവരുന്നു.

പഞ്ചായത്ത് മെമ്പർ വനജയെ തല്ലിയ സംഭവം

53 (709)ശ്രീ. ബി. വിജയകുമാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാമനപുരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, പെരിങ്ങമ്മല ഗ്രാമപഞ്ചായത്ത് മെമ്പറായ ശ്രീമതി വനജയെ തല്ലിയതായി കാണിച്ച് അവർ പോലീസിൽ പരാതി നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആ പരാതിയിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 6/5/2000-ൽ പെരിങ്ങമ്മല വില്ലേജിൽ ആനാട് മുറിയിൽ പാലോട് കരുവൻകോട്ടു നിജിൽ വിലാസത്തിൽ കമലമ്മ മകൾ വനജ വെഞ്ഞാറമൂട് പോലീസിൽ പരാതിപ്പെട്ടിട്ടുണ്ട്. ഈ വനജ പഞ്ചായത്ത് മെമ്പറല്ല.

(ബി) വെഞ്ഞാറമൂട് സ്റ്റേഷനിൽ ക്രൈം 132/2000 യു./എസ്. 341, 323 ഐ.പി.സി. പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly